*15-10-2026*

*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

1. കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. കെ. ജയന്ത്: സർ, മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട് ഇന്ന് അക്ഷരാർത്ഥത്തിൽ ഗതാഗതക്കുരുക്കിനാൽ വീർപ്പുമുട്ടുന്ന അവസ്ഥയിലാണ്. കോഴിക്കോട് ജില്ലയിലുള്ളവർ മാത്രമല്ല, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലെ ഭൂരിപക്ഷം ജനങ്ങളും ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ചികിത്സയ്ക്കും വിനോദത്തിനുമൊക്കെ ആശ്രയിക്കുന്നത് കോഴിക്കോട് നഗരത്തെയാണെന്ന് നമുക്കറിയാം. നൂറ്റാണ്ടുകളുടെ ചരിത്രപാരമ്പര്യമുള്ള നഗരമാണത്. എന്നാൽ ഇപ്പോൾ പുതിയ ബൈപ്പാസ് വന്നതോടെ നഗരത്തിനുള്ളിലേക്ക് പ്രവേശിക്കാൻ മണിക്കൂറുകളോളം കാത്തുനിൽക്കേണ്ട വലിയൊരു പ്രതിസന്ധി രൂപപ്പെട്ടിരിക്കുകയാണ്. കുനിന്മേൽ കുരു എന്നപോലെ, ബൈപ്പാസ് വന്നതോടുകൂടി നഗരത്തിലെ പ്രധാനപ്പെട്ട രണ്ട് റോഡുകളിലേക്കുള്ള ഗതാഗതം പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടു. സാധാരണയായി ദേശീയപാത വരുമ്പോൾ അടിപ്പാതകൾ നിർമ്മിക്കാറുണ്ട്. എന്നാൽ കോഴിക്കോട് മാവൂർ

15-10-2026

Calling Attention

റോഡിനും വയനാട് റോഡിനും സമാന്തരമായി നഗരവികസന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഗാന്ധി റോഡ് - സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡും ചേവരമ്പലം റോഡും പുതിയ ദേശീയപാത വന്നതോടെ പൂർണ്ണമായി മുറിച്ചുമാറ്റപ്പെട്ടിരിക്കുകയാണ്. നേരത്തെ പനാത്തുതാഴം പദ്ധതിയുടെ ഭാഗമായി നഗരത്തിൽ വലിയൊരു ആശ്വാസമായിരുന്ന ഈ റോഡുകൾ. സി.ഡബ്ല്യൂ.ആർ.ഡി.എം.-ൽനിന്ന് നേരിട്ട് ഐ.ഐ.എം., എൻ.ഐ.ടി., മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേക്ക് പോകാനുള്ള പ്രധാനപ്പെട്ടൊരു പാതയായിരുന്നു ഇത്. സരോവരം പാർക്കിന് മുകളിലൂടെയുള്ള ഒരു മേൽപ്പാലംകൂടി പൂർത്തിയായിരുന്നെങ്കിൽ ജനങ്ങൾക്ക് നേരിട്ട് കോഴിക്കോട് ബീച്ചിൽ എത്താമായിരുന്നു. എന്നാൽ ഇപ്പോൾ പഴയ റോഡിന്റെ സൗകര്യങ്ങൾ നഷ്ടപ്പെടുകയും, മാവൂർ റോഡിലേക്കും വയനാട് റോഡിലേക്കും മുഴുവൻ വാഹനങ്ങളും എത്തുന്നതുമൂലം നഗരം അക്ഷരാർത്ഥത്തിൽ സ്തംഭിച്ചുനിൽക്കുകയാണ്. പുതിയങ്ങാടിയിൽനിന്ന് കോഴിക്കോട്ടുള്ള പഴയ ദേശീയപാത, അതോടൊപ്പം മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് ദേശീയപാതയായി പ്രഖ്യാപിക്കപ്പെട്ടു,

15-10-2026

Calling Attention

വെള്ളിമാടുകുന്ന് മുതൽ മുത്തങ്ങ വരെയുള്ള 30 മീറ്റർ ഭാഗം ദേശീയപാതയാക്കാൻ തീരുമാനിച്ചു. നഗരപരിധിയിൽ ഇത് 24 മീറ്ററാണ്. ഇതിൽ മലാപ്പറമ്പ് മുതൽ മാനാഞ്ചിറ വരെയുള്ള ഭാഗത്ത് കഴിഞ്ഞ തിരഞ്ഞെടുപ്പിനുമുമ്പ് ഉദ്ഘാടനം നടത്തിയെങ്കിലും 60 ശതമാനം പ്രവൃത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. മലാപ്പറമ്പ്-വെള്ളിമാടുകുന്ന് ഭാഗത്തെ നിർമ്മാണ പ്രവൃത്തി ടെൻഡർ നടപടികൾ പൂർത്തിയായിട്ടും ഇതുവരെ ആരംഭിച്ചിട്ടില്ല. മറ്റൊരു പ്രധാന കാര്യം, നാദാപുരം, കുറ്റിയാടി, പേരാമ്പ്ര, ബാലുശ്ശേരി, എലത്തൂർ തുടങ്ങിയ മണ്ഡലങ്ങളിൽനിന്ന് കാരപ്പറമ്പ് വഴി നഗരത്തിലേക്ക് പ്രവേശിക്കുന്ന പ്രധാന പാതയുടെ വികസനത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നേരിട്ടറിയാവുന്നതുപോലെ ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. കെ. എം. ഷാജി, ശ്രീ. ടി. സിദ്ദിഖ് തുടങ്ങി അര ഡസനിലേറെ മന്ത്രിമാർ കോഴിക്കോട് ജില്ലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. എന്നിട്ടും നഗരവാസികളുടെ ജീവിതം വളരെ ദുസ്സഹമായി തുടരുകയാണ്.

15-10-2026
Calling Attention

കോഴിക്കോട് ബീച്ച് രാത്രി രണ്ട് മണിക്ക് ചെന്നാലും പതിനായിരക്കണക്കിന് ആളുകൾ ഒത്തുകൂടുന്ന സജീവമായ ഒരു കേന്ദ്രമാണ്. കേരളത്തിൽത്തന്നെ ഇത്രയധികം ആളുകൾ രാത്രിജീവിതം ആസ്വദിക്കാൻ എത്തുന്ന ഒരു നഗരം അക്ഷരാർത്ഥത്തിൽ ഇന്ന് ശ്വാസംമുട്ടുകയാണ്. ബീച്ചിലേക്ക് പ്രവേശിക്കുന്ന റോഡുകളെല്ലാം മണിക്കൂറുകളോളം ഗതാഗതക്കുരുക്കിലാണ്. വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നഗരവാസികൾക്ക് പുറത്തിറങ്ങാൻ കഴിയാത്തവിധം വലിയ ദുരിതമാണ് അനുഭവപ്പെടുന്നത്. കോഴിക്കോട് നഗരത്തിലെ പ്രധാന പാതകളുടെ വികസനത്തിനൊപ്പം എരഞ്ഞിപ്പാലം, കാരപ്പറമ്പ്, തൊണ്ടയാട്, മലാപ്പറമ്പ് തുടങ്ങിയ പ്രധാന ജങ്ഷനുകളുടെ വികസനവും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. കോഴിക്കോടുമായി അടുത്ത ബന്ധമുള്ള പ്രിയപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അനുകൂലമായൊരു തീരുമാനമെടുത്താൽ നഗരത്തെ ഈ ഗതാഗതക്കുരുക്കിൽനിന്ന് മോചിപ്പിക്കാൻ സാധിക്കും. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മൂന്നാമത്തെ ഐ.ടി. നഗരമായി

കോഴിക്കോടിനെ പ്രഖ്യാപിച്ചു. അതോടൊപ്പം നിരവധി വൻകിട പദ്ധതികൾ കോഴിക്കോട് ജില്ലയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെതന്നെ ആദ്യത്തെ അവയവമാറ്റ ശസ്ത്രക്രിയ യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമാണ് നിലവിൽ വരുന്നത്. അത്തരത്തിൽ എല്ലാ അർത്ഥത്തിലും വലിയ വികസനങ്ങൾ കോഴിക്കോട് വരുമ്പോഴും ആ വികസനത്തിനനുസൃതമായ റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം കോഴിക്കോട് നഗരത്തെ വല്ലാതെ വീർപ്പുമുട്ടിക്കുന്നുണ്ട്. പുതിയങ്ങാടി-മാനാഞ്ചിറ റോഡ്, വെള്ളിമാട്ടുകുന്ന് - മാനാഞ്ചിറ റോഡ്, ബാലുശ്ശേരി-കാരപ്പറമ്പ് റോഡ് എന്നിവയും അതോടൊപ്പം രണ്ടായി മുറിഞ്ഞുപോയ പനാത്തുതാഴം - സി.ഡബ്ല്യു.ആർ.ഡി.എം. റോഡും (നേതാജി നഗർ ജങ്ഷൻ)-മാണ് പ്രധാനമായും ഇവിടെ പരാമർശിക്കേണ്ടത്. സംബന്ധിച്ചാണ്. ഇതിൽ ഏറ്റവും ദയനീയമായ അവസ്ഥയിലുള്ളത് പനാത്തുതാഴം-CWRDM റോഡാണ്. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാറിന്റെ കാലത്ത് വന്ന വലിയൊരു പദ്ധതിയായിരുന്നു ഇത്. ഒരു പ്രധാന നഗരപാത

ബൈപ്പാസിന്റെ രണ്ടുഭാഗത്തുവച്ചും മുറിച്ചുമാറ്റപ്പെട്ടിരിക്കുകയാണ്. തൊണ്ടയാട് ജങ്ഷനിൽനിന്നും മലാപ്പറമ്പിലേയ്ക്ക് ദേശീയപാത ഉയർത്തുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല. അതിലും ചെറിയ റോഡുകൾക്ക് അണ്ടർ പാസ്സുണ്ടാകുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട നഗരത്തിലേയ്ക്ക് പ്രവേശിക്കുന്ന രണ്ട് റോഡുകൾ ദേശീയപാതയുടെ ഇരുവശവുമായി മുറിഞ്ഞിരിക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടിയന്തര ശ്രദ്ധയുണ്ടാകുകയും കോഴിക്കോട് നഗരത്തിന്റെ മുഖം മാറ്റുന്ന ഇടപെടലുണ്ടാകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാന്യനായ അംഗം ശ്രീ. കെ. ജയന്ത് ഇവിടെ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ചെറുപ്പകാലം മുതൽ കോഴിക്കോടുമായി ബന്ധപ്പെടുന്ന ആളുകളാണ് ഞങ്ങൾ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ വി. കെ. ഇബ്രാഹിംകുഞ്ഞ് സാഹിബ് കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി കോഴിക്കോട് ഒരു സിറ്റി

റോഡ് നവീകരണ പദ്ധതി വരുന്നത്. അന്ന് 260 കോടി രൂപയായിരുന്നു കോഴിക്കോട് സിറ്റി റോഡ് നവീകരണ പദ്ധതിക്ക് വകയിരുത്തിയിരുന്നത്. കേരള റോഡ് ഫണ്ടിന്റെ കീഴിൽ വളരെ മനോഹരമായി ടി റോഡിന്റെ ഡിസൈനുകളും മറ്റ് പ്രവൃത്തികളും നടന്നു. പനാത്തുതാഴം - സിഡബ്ല്യുആർഡിഎം റോഡ് കോഴിക്കോട് നഗരത്തെ ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നുണ്ട്. സിറ്റി റോഡ് പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാകുന്നതോടുകൂടി കോഴിക്കോട് ബീച്ചിലേയ്ക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടും. നിലവിൽ രണ്ടാംഘട്ടം വർക്ക് പുരോഗമിച്ചുവരികയാണ്. കൂടാതെ, ദേശീയപാത 66-ൽ 244/400 കിലോമീറ്ററിലുള്ള നേതാജി ജംഗ്ഷനിൽ വച്ച് ഈ റോഡ് ദേശീയപാത 66-നെ മുറിച്ചുകടക്കുന്നുണ്ട്. എന്നാൽ, ദേശീയപാത 66-ന്റെ ആറുവരിപ്പാത വികസന പ്രവർത്തനങ്ങൾക്കിടെ ദേശീയപാത അതോറിറ്റി ടി റോഡ് അടച്ചതുമൂലം മാവൂർ റോഡിലും വയനാട് റോഡിലും കടുത്ത ഗതാഗതക്കുരുക്കുണ്ടായി. റോഡ് അടച്ചിട്ട നടപടി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുകയും കടുത്ത

പ്രതിഷേധങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി NH 66-ൽ 244-ാം കിലോമീറ്ററിലുള്ള നേതാജി ജംഗ്ഷനിൽ (CWRDM-പനാത്തുതാഴം റോഡ്) ദേശീയപാതയ്ക്ക് കുറുകെ ഒരു മേൽപാലം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്  നാഷണൽ ഹൈവേ അതോറിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. എൻ.എച്ച്. ദേശീയ വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ഇതിനായുള്ള രൂപരേഖയും വിശദമായ ഡി.പി.ആറും തയ്യാറാക്കി 70,54,30,000/-രൂപയുടെ എസ്റ്റിമേറ്റും വിശദമായ പദ്ധതി റിപ്പോർട്ടും നാഷണൽ ഹൈവേ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഫ്ലൈ ഓവർ, ഡ്രെയിനേജ്, യൂട്ടിലിറ്റി സർവീസുകൾ  എന്നിവ സർവീസ് റോഡുകൾക്കുള്ള വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ റോഡിന്റെ ആകെ നീളം 759 മീറ്ററാണ്. ഇതിൽ 502 മീറ്റർ ഫ്ലൈ ഓവറും 257 മീറ്റർ അപ്രോച്ച് റോഡുമാണ്. ഡി.പി.ആർ. നിലവിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിഗണനയിലാണ്. അതിന്റെ സ്ക്രൂട്ടിനി

നടന്നുവരികയാണ്. എന്നാൽ പനാത്തുതാഴം - CWRDM റോഡിലെ നേതാജി ജംഗ്ഷനിൽ രണ്ടായി ഭാഗിച്ച് കടന്നുപോകുന്ന ദേശീയപാത 66 ആറുവരിപ്പാതയുടെ വികസനം പൂർത്തീകരിച്ചിട്ടുണ്ട്. പനാത്തുതാഴം - CWRDM റോഡ് പുന:സ്ഥാപിക്കുകവഴി പൂർത്തിയായ എൻഎച്ച്-66 പ്രസ്തുത റോഡിന്റെ ഭാഗത്ത് ഉയർത്തി നിർമ്മിക്കണമെങ്കിൽ, ദേശീയപാത അതോറിറ്റിയുടെ സാധ്യതാ പഠനവും സാങ്കേതിക പരിശോധനയും അനുമതിയും ആവശ്യമാണ്. ഇക്കാര്യം പൂർണ്ണമായും ദേശീയപാത അതോറിറ്റിയുടെ വിവേചനാധികാരത്തിൽപ്പെട്ടതാണ്. മലാപ്പറമ്പ് നിന്നും വെള്ളിമാടുകുന്ന് പോകുന്ന റോഡിന്റെ പ്രവൃത്തി ഭാഗികമായപ്പോൾത്തന്നെ ഉദ്ഘാടനം നടത്തുകയാണ് ചെയ്തത്. ടി നിർമ്മാണത്തിൽ ധാരാളം അപാകതകളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. അക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് പരാതി നൽകിയിട്ടുമുണ്ട്. അത് വകുപ്പ് പരിശോധിച്ചുവരികയാണ്. കോഴിക്കോട് മാനാഞ്ചിറയിൽ നിന്ന് ആരംഭിച്ച് കുന്നമംഗലം, കൊടുവള്ളി, താമരശ്ശേരി ചുരം, കൽപ്പറ്റ വഴി സുൽത്താൻ ബത്തേരിയിൽ എത്തിച്ചേരുന്ന ദേശീയപാതയാണ് എൻ.എച്ച് 766.

ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുടെയും ഈ പാത കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും ഒരു യോഗം നവംബർ മാസം മൂന്നാം തീയതി വിളിച്ചുകൂട്ടുന്നുണ്ട്. അതിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. മറ്റൊരു കാര്യം ജങ്ഷനെ സംബന്ധിച്ചാണ്. എവിടെയൊക്കെയാണോ പുതിയ ഫ്ലൈ ഓവറും ജങ്ഷൻ നവീകരണവും ബൈപ്പാസും വേണ്ടതുമെന്നെല്ലാം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി റിട്ടയേർഡ് ഇലക്ഷൻ കമ്മിഷൻ ശ്രീ. എ. ഷാജഹാൻ IAS -ന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. രണ്ടുമാസത്തിനകം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം ഫ്ലൈ ഓവറുകളുടെയും ജംഗ്ഷൻ നവീകരണത്തിന്റെയും കാര്യങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. ജയന്ത്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ച മെട്രോ സംബന്ധിച്ച് വീണ്ടും ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറക്

മുളച്ചിരിക്കുകയാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഒരു സ്വപ്ന പദ്ധതിയായിരുന്നു ഇത്. കഴിഞ്ഞ പത്തുവർഷക്കാലം അതില്ലാതായി. മെട്രോ പദ്ധതി വലിയൊരളവുവരെ കോഴിക്കോട് നഗരത്തെ ഗതാഗതക്കുരുക്കിൽനിന്നും മോചിപ്പിക്കുന്നതിന് സഹായകരമാകും. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മറുപടി എന്താണ്?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, തീർച്ചയായും കോഴിക്കോട് മെട്രോ പദ്ധതിക്ക് തുടക്കം കുറിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബന്ധപ്പെട്ട എം.എൽ.എ.-മാരെയും വിളിച്ചുകൂട്ടി കോഴിക്കോട് മെട്രോ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കും.

### (2) <u>ദേശീയപാത 66-ന്റെ അശാസ്ത്രീയ നിർമ്മാണം</u>

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, കേരളത്തിന്റെ പശ്ചാത്തല വികസന രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാൻ പോകുന്ന ഒരു പാതയാണ് നാഷണൽ ഹൈവേ-66. അതിന്റെ പ്രാരംഭഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്ന ഘട്ടം മുതൽ വലിയ പ്രതിസന്ധികളുണ്ടായിരുന്നതാണ്. ഒരു ഘട്ടത്തിൽ പദ്ധതി തന്നെ

15-10-2026

Calling Attention

നടപ്പാകുമോ എന്നുള്ള ആശങ്കവരെ നമ്മുടെ നാട് ചർച്ച ചെയ്തതാണ്. കഴിഞ്ഞ സർക്കാരാണ് പിന്നീട് ഭൂമി ഏറ്റെടുക്കുന്ന നടപടിയും ആ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയത്. നിലവിൽ ടി പദ്ധതി മുന്നോട്ടുപോകുന്ന ഘട്ടത്തിൽ നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും നമ്മുടെ നാട് അഭിമുഖീകരിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതുപോലെ കേരളത്തിൽ നാഷണൽ ഹൈവേ നടപ്പാക്കുക എന്നുപറയുന്നത് തികച്ചും അപ്രായോഗികമാണ്. അത്രമാത്രം ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനം എന്ന രീതിയിൽ നമ്മുടെ നാട്ടിൽ കൊണ്ടുവരുന്ന നാഷണൽ ഹൈവേയുടെ പ്രവർത്തനങ്ങളിൽ കുറച്ചുകൂടി കരുതലും നമുക്കിണങ്ങുന്ന രീതിയിൽ ആ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ട ഉത്തരവാദിത്വവും നാഷണൽ ഹൈവേ അതോറിറ്റിക്കുണ്ട്. എന്നാൽ അവർ ആ പ്രവർത്തനം ചെയ്യുന്നില്ലെന്നുമാത്രമല്ല, അവരുടെ മാത്രം കെടുകാര്യസ്ഥതകൊണ്ടും ഈ വർക്ക് ഏറ്റെടുത്തിരിക്കുന്ന കമ്പനികളുടെ നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ ഭാഗമായും നാഷണൽ ഹൈവേ

15-10-2026
Calling Attention

കടന്നുപോകുന്നിടങ്ങളിൽ ജനങ്ങൾക്ക് വലിയ രീതിയിലുള്ള പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പല സ്ഥലങ്ങളിലും പില്ലറുകളിൽ റോഡ് പോകേണ്ടിടത്ത് ആ രീതിയിലല്ല ഡിസൈൻ ചെയ്തു വന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ ആശുപത്രികളും സ്കൂളുകളും അങ്ങനെ ഏറ്റവും ജനകീയമായ സ്ഥലങ്ങളിലുമൊക്കെ പരസ്പരം അപ്പുറം കടക്കാൻ കഴിയാത്ത രീതിയിൽ റോഡ് മുറിച്ച് കടക്കുന്ന രീതിയിലേയ്ക്ക് ആളുകൾ മാറിയിട്ടുണ്ട്. അവിടെത്തന്നെ നിരവധി അപകടങ്ങൾ വിളിച്ചുവരുത്തുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. നിരവധി അപകടങ്ങളുണ്ടായി ആളുകൾ മരിക്കുന്ന സാഹചര്യവും ഈ ഘട്ടങ്ങളിലുണ്ടായി. ഇവിടെ ഫുട് ഓവർ ബ്രിഡ്ജിന്റെ ആവശ്യം നിലവിലുണ്ട്. പാസ്സായ ഫുട് ഓവർ ബ്രിഡ്ജ് പോലും നടപ്പാക്കാൻ ഇപ്പോഴും തയ്യാറായിട്ടില്ല. ജനങ്ങൾ അണ്ടർപാസ്സിന്റെ ആവശ്യമുന്നയിച്ച് സമരങ്ങൾ നടത്തി മുന്നോട്ടുപോകുന്ന സ്ഥിതിയുണ്ട്. ഈ നിർമ്മാണ ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെയും മറ്റും വെള്ളം കടന്നുപോകുന്ന പൈപ്പ് ലൈനുകൾ പൊട്ടിച്ചതിന്റെ ഭാഗമായി ഞങ്ങളുടെയൊക്കെ മേഖലയിൽ തീരദേശ പ്രദേശങ്ങളിൽ കുടിവെള്ളം

ലഭ്യമാകാത്ത പ്രതിസന്ധി നേരിടുകയാണ്. വാട്ടർ അതോറിറ്റിക്കാരെ ഇക്കാര്യങ്ങൾ അറിയിക്കുമ്പോൾ അതിനായി കൺസ്ട്രക്ഷൻ വർക്ക് നടത്തുന്ന കമ്പനിക്ക് പണം അടച്ചിട്ടുണ്ട്, അത് നടപ്പാക്കേണ്ടത് ഈ കമ്പനികളാണ് എന്ന വാദമാണ് അവർ ഉന്നയിക്കുന്നത്. അവർ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതുകൊണ്ട് ആളുകൾ പണം കൊടുത്ത് കുടിവെള്ളം വാങ്ങി ജീവിക്കേണ്ട സാഹചര്യത്തിൽ എത്തി നിൽക്കുകയാണ്. അതുപോലെ പ്രധാനപ്പെട്ടതാണ് ജല നിർഗമന വഴികൾ തടസ്സപ്പെടുത്തിയതിന്റെ ഭാഗമായി വെള്ളക്കെട്ട് അനുഭവപ്പെടുന്ന സാഹചര്യം. അതിനേക്കാളുപരി പണി പൂർത്തിയായ റോഡുകൾ തുറന്നുകൊടുക്കുന്നതിന്റെ ഭാഗമായി ആളുകൾക്ക് വലിയ തോതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൃത്യമായ മാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിലല്ല റോഡുകൾ തുറന്നുകൊടുക്കുന്നത്. ആവശ്യത്തിന് ഡിവൈഡറുകൾ വയ്ക്കാതെയും സിഗ്നൽ സിസ്റ്റം ഏർപ്പെടുത്താതെയും റോഡ് തുറന്നുകൊടുത്തതിന്റെ ഫലമായാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിൽ എട്ട് വിദ്യാർഥികൾ മരിക്കാനിടയായ

അപകടമുണ്ടായത്. റോഡിന് വക്കിൽ പാർക്ക് ചെയ്തിരുന്ന ചരക്ക് ലോറിയുടെ പുറകിൽ കാർ ഇടിച്ചാണ് ഭാവി വാഗ്ദാനങ്ങളായിരുന്ന എട്ട് വിദ്യാർത്ഥികൾ മരണപ്പെട്ടത്. നമ്മുടെ നാട്ടിലെ കുട്ടികളല്ലാത്തതുകൊണ്ട് ആ സംഭവം വലിയ പ്രതിഷേധമായി വളർന്നുവന്നില്ല. നേരെ മറിച്ച് നമ്മുടെ നാട്ടിലെ കുട്ടികൾക്കാണ് ഇത്തരമൊരു അപകടം സംഭവിച്ചതെങ്കിൽ സ്ഥിതി എന്താകുമായിരുന്നു? ഇത്തരം അപകടങ്ങളൊക്കെ വിളിച്ചുവരുത്തുന്നതിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെയും കരാർ കമ്പനികളുടെയും ഭാഗത്തുനിന്നുമുള്ള വീഴ്ചകളുണ്ട്. അവരൊന്നും പ്രാദേശിക ജനപ്രതിനിധികളെയോ എം.എൽ.എ.-മാരെയോ വിലവയ്ക്കുന്ന രീതിയിൽ അല്ലെങ്കിൽ അവരുടെ അഭിപ്രായങ്ങൾ മാനിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ബന്ധപ്പെട്ട എം.എൽ.എ.-മാരും കളക്ടറും ചേർന്നിട്ടുള്ള യോഗത്തിൽ നിരവധി തീരുമാനങ്ങൾ എടുക്കുമെന്നതല്ലാതെ അവ നടപ്പാക്കാൻ അവർ തയ്യാറല്ലെന്നുള്ളതാണ് വാസ്തവം. അതിനേക്കാൾ ഗുരുതരമായ പ്രതിസന്ധി ഇപ്പോൾ അവിടെ വന്നിട്ടുണ്ട്. തീരദേശത്തെ പ്രത്യേകിച്ച്, തൃശ്ശൂർ ജില്ലയിലെ

നാട്ടികയിൽ ഇപ്പോൾ ഒരു ടോൾ പിരിവ് ആരംഭിച്ചിരിക്കുകയാണ്. ആ പ്രദേശത്ത് ഇനിയും നാല് ബ്രിഡ്ജുകൾ പണി പൂർത്തിയാക്കി അതിന്റെ കണക്ഷൻ കൊടുക്കേണ്ടതുണ്ട്. അത്തരത്തിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാനുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യാതെ ഇപ്പോൾ നാട്ടിക ടോൾ ബൂത്തിൽ പണം പിരിക്കുന്ന നടപടി ആരംഭിച്ചിരിക്കുകയാണ്. അവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ജനങ്ങളും അതിനെതിരായി ശക്തമായി പ്രതിഷേധിക്കുകയും സമരത്തിൽ പങ്കെടുക്കുകയുമുണ്ടായി. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ ടോൾ പിരിവ് നിർത്തിവയ്ക്കുമെന്ന് സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, നിർത്തിവയ്ക്കണമെന്നുപറഞ്ഞിട്ടും അവിടെ ഇപ്പോഴും ടോൾ പിരിവ് തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാർ ഇന്നലെ ഒരു നിവേദനം നൽകിയിട്ടുണ്ട്. പണി പൂർത്തിയാകുന്നതുവരെ ടോൾ പിരിവ് നിർത്തിവയ്ക്കുമെന്നാണ് അദ്ദേഹം ഞങ്ങളോട് പറഞ്ഞത്.

<u>മി. സ്പീക്കർ</u>: മന്ത്രിയുടെ നിലപാടുകൂടി ഇപ്പോൾ സഭയിൽ പറയട്ടെ.

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി

അദ്ദേഹത്തിന്റെ നിലപാട് പറയുകയാണെങ്കിൽ വളരെ സന്തോഷമാകും. ഈ പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സഭയിൽ വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എൻ.എച്ച്. , നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിലാണ് വരുന്നത്. കഴിഞ്ഞ പത്തുകൊല്ലം ഇടതുപക്ഷ സർക്കാർ ഭരിച്ചപ്പോഴും നാലരമാസമായി യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴും അവർ അവരുടെ പഴയ രീതിയിൽ തന്നെയാണ് സഞ്ചരിക്കുന്നത്. കഴിഞ്ഞ പത്തുകൊല്ലം കാര്യങ്ങൾ എങ്ങനെയൊക്കെയാണോ നടന്നത് അതിൽ മാറ്റം വരുത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അത് ഫലപ്രാപ്തിയിൽ വന്നുകൊണ്ടിരിക്കുകയാണ്. കാരണം ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. നിധിൻ ഗഡ്കരിയെ മന്ത്രിയെന്ന നിലയിൽ ഞാൻ രണ്ടുപ്രാവശ്യം കണ്ട് കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കഴിഞ്ഞ മാസം പോയി അദ്ദേഹത്തെ കണ്ട് കാര്യങ്ങൾ സംസാരിച്ചിരുന്നു. ഇതിന്റെ കോൺട്രാക്ടും

എഗ്രിമെന്റും വൺ സൈഡ് കോൺട്രാക്ടർമാർക്ക് അനുകൂലമാണെന്നതാണ് ഇവിടത്തെ പ്രശ്നം. നാട്ടികയിലെ പ്രശ്നത്തെ സംബന്ധിച്ച് ആളുകൾ പറയുന്നത് നൂറുശതമാനം ശരിയാണ്. 21 കിലോമീറ്റർ ദൂരം ലൈറ്റ് സ്ഥാപിച്ചിട്ടില്ല. മന്ത്രിയെന്ന നിലയ്ക്ക് അവിടുത്തെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി നേതാക്കന്മാരുടെയും യുവജനസംഘടനകളുടെയും ആവശ്യം പരിഗണിച്ച് താൽക്കാലികമായി ടോൾ പിരിവ് നിർത്തി വയ്ക്കാൻ പറഞ്ഞു. 21 കിലോമീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ലൈറ്റില്ലെന്നാണ് പറയുന്നത്. സർവീസ് റോഡിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. അത് പരിശോധിക്കാൻ ആവശ്യപ്പെട്ടു. ഇപ്പോൾ പുറത്തുവരുന്ന ഞെട്ടിക്കുന്ന വിവരം, എഗ്രിമെന്റ് പ്രകാരം ആ 21 കിലോമീറ്ററിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ ക്രോൺട്രാക്റ്റിൽ പ്രൊവിഷനില്ലെന്നാണ് നാഷണൽ ഹൈവേ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചതെന്നാണ് കോൺട്രാക്റ്റർ വ്യക്തമാക്കുന്നത്. അവസാനം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടോൾ പിരിവ് താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇന്നലെ രാത്രി നിർദേശം നൽകിയിരുന്നു. ഇതിനിടയിൽ ഒരാൾ ഇതുമായി ബന്ധപ്പെട്ട്

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസും നൽകി. ആ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും ചെയ്തു. ഇതാണ് നിലവിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ. ടോൾ പിരിവ് താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ എന്നോട് പറഞ്ഞു. അപ്പോൾ ഒരാൾ ഹൈക്കോടതിയിൽ കേസും നൽകി. നമ്മുടെ ആളുകൾ ഇത്തരത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു തീരുമാനത്തിലെത്തിയതിനുശേഷം കേസിന് പോയാൽ പോരെ. വടി കൊടുത്ത് അടി നമ്മൾ തന്നെ വാങ്ങും.

കയ്പമംഗലത്തുണ്ടായ അപകടം നമ്മളെയെല്ലാവരെയും ദുഃഖത്തിലാഴ്ത്തിയ സംഭവമാണ്. അതിന്റെയടിസ്ഥാനത്തിൽ അടിയന്തരമായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായും ഗതാഗത വകുപ്പുമന്ത്രിയുമായും ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ ഡി.ജി.പി., ഗതാഗത വകുപ്പ് കമ്മീഷണർ, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ, എൻ.എച്ച്.എ.ഐ. ആർ.ഒ.,

*15-10-2026*

*Calling Attention*

എൻ.എച്ച്.എ.ഐ. പ്രോജക്റ്റ് ഡയറക്ടർ, കളക്ടർമാർ എന്നിവരെയെല്ലാം വിളിച്ച് ഒരു മീറ്റിങ് കൂടി എവിടെയൊക്കെയാണ് റോഡ് സേഫ്റ്റിയുടെ ആവശ്യകതയെന്ന് പരിശോധിച്ച് അതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചു. രണ്ടാഴ്ച കൊണ്ട് അതിന്റെ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത മീറ്റിങിന്റെ അടിസ്ഥാനത്തിൽ റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട 50 ശതമാനം കാര്യങ്ങൾ നടന്നിട്ടുണ്ട്. കൂടുതൽ വിശദമായി മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. സർക്കാരും ബന്ധപ്പെട്ട വകുപ്പും ഈ കാര്യങ്ങളൊക്കെ മോണിറ്റർ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ചില കാര്യങ്ങൾ എൻ.എച്ച്.എ.ഐ. ചെയ്തിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുള്ള സ്ഥലങ്ങളിൽ ഡ്രെയ്നേജിനുവേണ്ടി എൻ.എച്ച്.എ.ഐ. ഫണ്ട് നൽകുകയും പഞ്ചായത്തിനോട് എസ്റ്റിമേറ്റ് നൽകാനും പറഞ്ഞിട്ടുണ്ട്. എൻ.എച്ച്.എ.ഐ. പണം അതത് 14 ജില്ലയിലെ കളക്ടർമാരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾ പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ

പണം നൽകുന്നതാണ്. ആക്സിഡന്റുകളുടെ എണ്ണം വർധിക്കുന്നത് ഗൗരവതരമായ വിഷയമാണ്. 2022-ൽ 4317-ഉം 2023-ൽ 4084 ആളുകളുമാണ് റോഡപകടത്തിൽ മരണപ്പെട്ടത്. എൻ.എച്ച്.-ന്റെ പണി കഴിഞ്ഞപ്പോൾ 4084 ആളുകളിൽ 2318 ആളുകളും മരണപ്പെടുന്നത് എൻ.എച്ച്. 66-ൽ നടന്ന റോഡപകടത്തിലാണ്. 2024-ൽ 3880 ആളുകൾ റോഡപകടത്തിൽ മരണപ്പെട്ടു. അതേസമയം 1950 ആളുകൾ എൻ.എച്ച്.-ൽ നടന്ന അപകടത്തിലാണ് മരണപ്പെട്ടത്. 2025-ൽ 3733 ആളുകൾ മരണപ്പെട്ടു. അതിൽ 1733 ആളുകളും എൻ.എച്ച്.-ലെ അപകടത്തിൽ മരണപ്പെട്ടവരാണ്. ഈ പ്രശ്നം വളരെ ഗൗരവതരമാണ്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ചേർന്ന് റോഡ് അപകട സാധ്യതകൾ കുറയ്ക്കുന്നത് സംബന്ധിച്ച് ഒരിക്കൽക്കൂടി ചർച്ച നടത്തേണ്ടതുണ്ട്. 60 മീറ്റർ വീതിയിലുള്ള NH റോഡാണ് വിഭാവനം ചെയ്തിരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അത് 45 മീറ്ററാക്കിയപ്പോൾ എൻ.എച്ച്.എ.ഐ.

പറയുന്നത് 60 മീറ്റർ വീതി ആക്കിയാലേ റോഡ് സേഫ്റ്റിയും മറ്റ് കാര്യങ്ങളുമൊക്കെ ഭംഗിയായി നടക്കുകയുള്ളൂവെന്നാണ്. അങ്ങനെ വീതി കൂട്ടുമ്പോൾ സർവീസ് റോഡിന് വീതി കുറയും. അപ്പോൾ അതിന്റേതായ ബുദ്ധിമുട്ടുണ്ടാകും. 29-ാം തീയതി ബഹുമാനപ്പെട്ട കേന്ദ്ര വകുപ്പുമന്ത്രി വരുന്നുണ്ട്. അന്ന് അദ്ദേഹവുമായി ഒരിക്കൽക്കൂടി ഈ കാര്യങ്ങൾ ചർച്ച ചെയ്യാമെന്നാണ് വിശദമാക്കാനുള്ളത്.

<u>ശ്രീ. കെ. കെ. വത്സരാജ്</u>: സർ, ടോൾ പ്ലാസയിൽ പണം പിരിക്കുന്നത് നിർത്തി വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം നടപ്പാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതോ ഒരാൾ കോടതിയിൽ പരാതി കൊടുത്തു. ബഹുമാനപ്പെട്ട കോടതി ഈ പറയുന്ന കമ്പനിയുടെ കാര്യം മാത്രമേ കേട്ടിട്ടുള്ളൂ. സർക്കാരിന് അതിനകത്ത് നിലപാട് പറയാൻ അവസരമുണ്ടാകും. ആ അവസരം പറഞ്ഞുകൊണ്ട് അവിടത്തെ ജനങ്ങളെ പണി പൂർത്തിയാകുന്നതുവരെ ടോൾ പിരിക്കുന്നതിൽനിന്ന് ഒഴിവാക്കുന്ന നടപടി സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ താൽപര്യം കാണിക്കണമെന്നുമാണ് അഭ്യർഥിക്കാനുള്ളത്.

ശ്രീ. പി. കെ. ബഷീർ: സർ, കൂട്ടുത്തരവാദിത്വം വേണം. ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ ഇരിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് പറഞ്ഞ കാര്യങ്ങൾ ഞാനിവിടെ പറഞ്ഞു. ഞാൻ പറഞ്ഞതിൽ കൂടുതലൊന്നും അദ്ദേഹത്തിന് പറയാനില്ല.